കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പാൾ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/204/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി: 19-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടപ്പാൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in /esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

എം.എ.2/19

നം. കെ.എസ്.എ.എം.പി.എം.28/204/2019 തിയ്യതി: 19-02-2019

# മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11..2017 മുതൽ 13.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :14.01.2019 മുതൽ 24.01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സീനത്ത്.പി.എ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾ റഷീദ്.എം.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അമീൻ ഫൈസൽ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.പി.ബിജോയ് | 01.04.2017 മുതൽ 31.03.2018വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.രവീന്ദ്രൻ.കെ. | 01.04.2017 മുതൽ 26.04.2017 FNവരെ |
| | ശ്രീ.മു.ഹമ്മദ് ഷെറീഫ്.എം. | 26.04.2017 ANമുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വേണുഗോപാലൻ.എ.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പി.സി.സുബ്രഹ്മണ്യൻ | 01.04.2017 മുതൽ 24.05.17വരെ |
| | ശ്രീ.ശ്രീ.സുജീർ.പി.പി. | 25.05.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിജീഷ്.പി.വി. | 01.04.17മുതൽ 08.08.17വരെ |
| | ശ്രീ.വിനയൻ.എം.വി. | 09.08.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ഫ്ളമി ജേക്കബ് | 01.04.2017 മുതൽ 31.03.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, | ശ്രീ .സജിത്ത്.എ. | 01.04.2017 മുതൽ 27.07.17വരെ |
| | ശ്രീമതി.ഷീബ റിച്ചാർഡ് | 28.07.17മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നിർമ്മല കുമാരി | 01.04.2017 മുതൽ 17.07.2018 വരെ |
| | ശ്രീമതി.പി.കോമളം | 18.07.17 മുതൽ30.11.17വരെ |
| | ശ്രീമതി.ചിത്രലത.എ. | 1.12.17മുതൽ 31.03.18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രസൂൺ.പി.പി. | 01.04.2017 മുതൽ 31.10.17 വരെ |
| | ജ്യോതിരാജ്.പി.എസ്. | 01.11.17.മുതൽ31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കുട്ടപ്പൻ.ടി.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അജിത് കുമാർ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശിൽപ പുരുഷോത്തമൻ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.തനൂജ.ആർ | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 13 | ആവശ്യമായ പാർക്കിംഗ് സൗകര്യം ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു. | 2-1 |
| 14 | കവറേജ് - പാലിക്കാത്ത കെട്ടിടത്തിന് ചട്ട വിരുദ്ധമായി പെർമ്മിറ്റ് അനുവദിച്ചു. | 2-2 |
| 15 | ബിൽഡിംഗ് നമ്പർ X/937 A to L -ചട്ട വിരുദ്ധമായി റെഗുലറൈസ് ചെയ്തു | 2-3 |
| 16 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-4 |
| 17 | ടെണ്ടർ ഫാറം വില-പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല | 2-5 |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 18 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം- ഒരു അവലോകനം | 3-1 |
| 19 | അനർഹമായി സർവ്വീസ് ടാക്സ് കൺവീനർക്ക് നൽകി | 3-2 |
| 20 | ടെണ്ടർ വ്യതിയാനം കണക്കാക്കാതെ കരാറുകാരന് തുക അനുവദിച്ചു. അധികം അനുവദിച്ച 10550 രൂപ തിരിച്ചടവാക്കി | 3-3 |
| 21 | വിദ്യാഭ്യാസ മേഖലയിൽ വേറിട്ട നേട്ടം - വായനാ രംഗത്ത് മുന്നേറ്റം | 3-4 |
| 22 | തെരുവ് വിളക്ക് റിപ്പയർ - പദ്ധതി അപാകതകൾ | 3-5 |
| 23 | Highmast AMC - പദ്ധതി അപാകതകൾ | 3-6 |
| 24 | ഫിസിയോ തെറാപ്പി ഫോർ ഡിസേബിൾഡ് ചിൽഡ്രൻ - മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത ചെലവ്. | 3-7 |
| 25 | പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല -154233രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു | 3-8 |
| 26 | EMS ഭവന പദ്ധതി - വായ്പ തിരിച്ചടവ് -ബാലൻസ് - പൊരുത്തപ്പെടുന്നില്ല | 3-9 |
| 27 | പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും | 3-10 |

| | | |
|---|---|---|
| | ലഭ്യമായില്ല | |
| 28 | ഓരോ വീട്ടിലും വേപ്പിൻ തോട്ടം - വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് | 3-11 |
| 29 | പി.എം.എ.വൈ-എസ്.സി-പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സം ചെയ്യുന്ന | 3-12 |
| 30 | ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ -നടത്തിപ്പിലെ അപാകതകൾ. | 3-13 |
| 31 | വിവാഹധനസഹായം എസ്.സി അപേക്ഷകൾ സമയ പരിധിക്കുള്ളിൽ സ്വീകരിച്ചിട്ടില്ല. | 3-14 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് നൽകി. | 3-15 |
| 33 | കിടാരി വിതരണം എസ്.സി,ജനറൽ -വായ്പ വിവരം ലഭ്യമല്ല. | 3-16 |
| 34 | മുട്ടകോഴി വിതരണം -എസ്.സി. വിതരണരേഖകൾ പൂർണ്ണമല്ല | 3-17 |
| 35 | മുട്ടകോഴി വിതരണം -ജനറൽ വിതരണരേഖകൾ പൂർണ്ണമല്ല. | 3-18 |
| 36 | ഒരേ ഇനം വ്യത്യസ്ത ടെന്ററുകൾ വഴി വാങ്ങിയത് ക്രമപ്രകാരമല്ല. | 3-19 |
| 37 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- ലഭ്യമാകുന്നതിന് കാലതാമസം. | 3-20 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 24.03.2017 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 15.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 23.06.2018 വരെ | കെ.എസ്.എ.എം.പി.എം.28/1669/2018 തിയതി 05.07.2018 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14482685.5 |
| വരവ് | 73072698 |
| ആകെ | 87555383.5 |
| ചെലവ് | 76286802 |
| നീക്കിയിരുപ്പ് | 11268581.5 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | | 0 | 1,35,91,000 | 1,35,91,000 | 13421932 | 169068 |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 0 | 8096053 | 8096053 | 7105936 | 990117 |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 0 | 3902000 | 3902000 | 3863667 | 38333 |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | | 0 | 3069000 | 3069000 | 3027648 | 41352 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6383248 | 6383248 | 5403777 | 979471 |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം (ACR പ്രകാരം) | കേന്ദ്ര വിഹിതം | 0 | 276094 | 276094 | 261320 | 14774 |
| എൻ. ആർ. ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14865502 | 14865502 | 14865502 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 13031.5 | 842261 | 855292 | 854603 | 689.5 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | Total Sanitation Campaign | 38365 | 1553 | 39918 | 0 | 39918 |

| | | | | | | |
|---|---|---|---|---|---|---|
| | (TSC) | | | | | |
| | SGSY | 234501 | 9494 | 243995 | 0 | 243995 |
| OAP | | 68673 | 5761 | 74434 | 0 | 74434 |
| ബി. ഫണ്ട് | | 0 | 52950740 | 52950740 | 52950740 | 0 |
| തനത് ഫണ്ട് | എടപ്പാൾ SMGB | 4858075 | 16370634 | 21228709 | 13409006 | 7819703 |
| | ട്രഷറി അക്കൗണ്ട് (ടി.എസ്.ബി) | 8065868 | 14454383 | 22520247 | 21451726 | 1068525 |
| | E-payment (State Bank) | 0 | 20625 | 20625 | 0 | 20625 |
| മറ്റിനം | KGB Plan | 903730 | 36592 | 940322 | 0 | 940322 |
| | MDC Bank | 36557 | 1481 | 38038 | 0 | 38038 |
| | MDC (EMS) | 751 | 3000000 | 3000751 | 978888 | 2021863 |
| Spl.TSB | Joint Venture (Block share) | 8500 | 4225000 | 4233500 | 2062474 | 2171016 |
| | Joint Venture (Dist. share) | 0 | 3563333 | 3563333 | 2176666 | 1386668 |

കുറിപ്പ്:

1. തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേഷൻ ചെലവിലേക്കായി തുക നൽകുമ്പോൾ തൊഴിലുറപ്പ് ഹെഡിൽ രസീറ്റ് അടിക്കുകയും തിരികെ ലഭിക്കുമ്പോൾ തനത് ഫണ്ടിലേക്ക് Transer credit ചെയ്യുകയും ചെയ്യുന്നതിനാലാണ് വാർഷിക കണക്കിലെ അഡ്മിനിസ്ട്രേഷൻ ചെലവിൽ തുക കുറവായി കാണുന്നത്.

2. പ്രൊജക്റ്റ് നം 193/18 ലെ ചെലവ് തുക 2,00,000 രൂപ പ്രൊജക്റ്റ് നം 195/18 തെറ്റായി payment അടിച്ചതിനാൽ വാർഷിക കണക്കിൽ സംയുക്ത പ്രൊജക്റ്റുകൾക്കുള്ള ഫണ്ട് വിനിയോഗത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 2,00,000 രൂപയുടെ ചെലവ് കൂടുകയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 2,00,000 രൂപയുടെ ചെലവ് കുറയുകയും ചെയ്തു. Spl.TSB യിൽ നിന്നും 5189481 നീക്കിയിരിപ്പുള്ളപ്പോൾ (ബാങ്ക് ബുക്കിൽ 3549183 രൂപ (cheque issued but not presented-1640298 രൂപ) 31.3,18 ന് സർക്കാർ 4670533 രൂപ പിൻവലിച്ചതു കൊണ്ടാണ് വാർഷിക കണക്കിൽ 1121350 രൂപ മൈനസ് ബാലൻസ് വന്നിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 8500/-രൂപ 2016-17 വർഷത്തിൽ നീക്കിയിരിപ്പുണ്ട്. ആയത് തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. (പ്രൊജക്ട് 13/17 ശുചിത്വ കക്കൂസ് നിർമ്മാണം )

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 67658187 | 110 | 42322647 | 21 | 54 | 62 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13031.5 | 842261 | 855292 | 854603 | 689.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത് | 0 | 14865502 | 14865502 | 14865502 | 0 |
| ആകെ | 13,031.5 | 1,59,07,763 | 1,57,20,794.5 | 1,57,20,105 | 689.5 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 51840 | 140 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 4795600 | 1676 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 14523900 | 4821 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 28046600 | 8338 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 4137400 | 1343 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ<br>Pension for Unmarried women aged above 50 | 635400 | 210 |
| വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 360000 | 12 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.1.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
2) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.
3) പ്രധാന അധ്യാപിക ചട്ടപ്രകാരം കാഷ് ബുക്കും, സബ്സിഡിയറി രജിസ്റ്ററും (അനുബന്ധം ബി IV), പ്രൊജക്ട് രജിസ്റ്ററും (അനുബന്ധം ബി V) സൂക്ഷിക്കുന്നില്ല.
4) മെഡിക്കൽ ഓഫീസർ (ഹോമിയോ) പ്രോജക്കുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി V) സൂക്ഷിക്കുന്നില്ല.
5) വെറ്ററിനറി സർജൻ സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV) സൂക്ഷിക്കുന്നില്ല.
6) മെഡിക്കൽ ഓഫീസർ (അലോപതി) സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി V) എന്നിവ സൂക്ഷിക്കുന്നില്ല.

7) വാങ്ങലുകളിലെ കാര്യക്ഷമതയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി 2017-18 വർഷത്തിൽ സ.ഉ (പി) നമ്പർ 259/2010 ത.സ്വ.ഭ.വ തിയതി 08.11.2010 ലെ പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരം പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
8) വിവരാവകാശ പ്രകാരം 65 അപേക്ഷകൾ ലഭിക്കുകയും അവ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2018 | 11/2018 | 13.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.4.03 മുതൽ 09-05-2003 വരെ | 1997-98മുതൽ 2001-02 വരെ | 18.7.2003 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങളുടെ പത്രിക, പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. 2016-17 വാർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. പ്രോപ്പർട്ടി ടാക്സിന്റെ തൻവർഷ DCB പ്രകാരം റെസിഡൻഷ്യൽ ബിൽഡിംഗിന്റെ ടാക്സ് 121995/- രൂപയും, നോൺ റെസിഡൻഷ്യൽ ബിൽഡിംഗിന്റെ ടാക്സ് ഇനത്തിൽ 56865/- രൂപയും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. എന്നാൽ ബാലൻസ് ഷീറ്റിൽ ഈ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.
5. 2016-17 വാർഷത്തെ വാർഷിക കണക്ക് പ്രകാരം പ്രോപ്പർട്ടി ടാക്സ് റെസിഡൻഷ്യൽ ബിൽഡിംഗ് ഇനത്തിൽ 3019635/- രൂപയും, പ്രോപ്പർട്ടി ടാക്സ് നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് ഇനത്തിൽ 2968155/- രൂപയും കുടിശ്ശികയുണ്ട്. 2017-18 വാർഷത്തെ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലെ കളക്ഷൻ യഥാക്രമം 1302945/- രൂപയും, 2325348/- രൂപയുമാണ്. അതായത് മുൻ വർഷത്തെ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയൊന്നും ചേർത്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആവശ്യമായ പാർക്കിംഗ് സൗകര്യം ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു.

ശ്രീ. മുഹമ്മദ് കുട്ടി & മൊയ്തീൻ കുട്ടി എന്നിവർക്ക് 27.02.2018-ലെ 330-A/2017-18 നമ്പർ പെർമിറ്റ് പ്രകാരം 5426.62 m2 പ്ലിന്ത് ഏരിയുള്ള കച്ചവടം/ വാണിജ്യ (ഗ്രൂപ്പ് F) കൈവശഗണത്തിൽ നിർമ്മാണത്തിന് അനുമതി നൽകുകയും, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 965.19 m2 പ്ലിന്ത് ഏരിയകൂടി ഉൾപ്പെടുത്തി മൊത്തം 6374.98 m2 വിസ്തീർണത്തിൽ പെർമിറ്റ് റിവൈസ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011, ചട്ടം 35 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാതെയാണ് പെർമിറ്റ് റിവൈസ് ചെയ്യുന്നതിന് അപേക്ഷ നൽകുകയും, അധിക നിർമ്മാണത്തിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്ത് കാറ്റഗറി | I |

| | | | |
|---|---|---|---|
| പ്ലോട്ട് വിസ്തീർണം | 2320.54 m2 | | |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | Plinth Area- 6374.98 m2 | | |
| | Floor Area- 6374.98 m2 | | |
| | Carpet Area- 3965.91 m2 | | |
| പാർക്കിംഗ് | നൽകിയത് | നൽകേണ്ടത് | കുറവ് |
| കാർ | 53 | 73 | 20 |
| ഇരു ചക്ര വാഹനം | 66 | 91 | 25 |
| Parking Calculation:<br>Car Parking: 73 Nos [13.33 (For 1000m2 @75) + 59.3 (For 2965.91m2 @50)]<br>Two Wheeler: 91 Nos [25% Car Parking Area = 271.01/3] | | | |

അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ടിൽ മേൽ അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകിയത് ക്രമ പ്രകാരമല്ല.

*[മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [06/2018] പെർമിറ്റ് നൽകിയതിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്]*

## **2-2** കവറേജ് - പാലിക്കാത്ത കെട്ടിടത്തിന് ചട്ട വിരുദ്ധമായി പെർമ്മിറ്റ് അനുവദിച്ചു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ- 2011, ചട്ടം 35(2) പട്ടിക 2 പ്രകാരം കച്ചവടം/ വാണിജ്യ (ഗ്രൂപ്പ് F) കൈവശഗണത്തിന് അനുവദിനീയമായ പരമാവധി വ്യാപ്തി [Coverage] കാറ്റഗറി I ഗ്രാമ പഞ്ചായത്തുകളിൽ 70% ആണ് [കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ- 2011 പ്രകാരം എടപ്പാൾ ഗ്രാമ പഞ്ചായത്ത് കാറ്റഗറി I ആണ് ]. എന്നാൽ ശ്രീ. കുഞ്ഞിമുഹമ്മദ്, പാലക്കൽ വീട്, എടപ്പാൾ എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ പ്രസ്തുത ചട്ടം പാലിക്കാത്ത ബിൽഡിംഗ് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പെർമ്മിറ്റ് നമ്പർ | A5/440/2017-18 dated 24.01.2018 |
| കൈവശഗണം | ഗ്രൂപ്പ് F |
| പ്ലോട്ട് വിസ്തീർണം | 326 m2 [Cert. No 28382462/ 26.10.2017] |
| കെട്ടിടത്തിന്റെ വിസ്തീർണം | GF- 180.55 m2 |
| | FF- 234.07 m2 |
| | T.F- 13.65 m2 |
| | Total – 428.27 m2 |
| കവറേജ് [അംഗീകരിച്ചത്] | 71.80% [234.07/ 326] |
| കവറേജ് [അംഗീകരിക്കാവുന്നത്] | 70 |

അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ടിൽ പ്രസ്തുത അപാകത റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ട വിരുദ്ധമായി പെർമിറ്റ് അനുവദിച്ചത് ക്രമ പ്രകാരമല്ല.

*[മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [07/2018] പെർമിറ്റ് നൽകിയതിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്]*

## **2-3** ബിൽഡിംഗ് നമ്പർ **X/937 A to L -**ചട്ട വിരുദ്ധമായി റെഗുലറൈസ് ചെയ്തു.

ശ്രീ. സി.മാധവൻ, ചട്ടിക്കൽ വീട്, കോലെളമ്പ് പി.ഒ എന്നയാൾക്ക് 19.06.2015-ലെ 130/2015-16 നമ്പർ പെർമ്മിറ്റ് പ്രകാരം കച്ചവടം/ വാണിജ്യ (ഗ്രൂപ്പ് F) കൈവശഗണത്തിൽ 297.04 m2 [ ie, GF 138.4, FF 158.59] വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും, പെർമ്മിറ്റിൽ നിന്ന് അധികരിച്ച 119.56 m2 വിസ്തീർണം റെഗുലറൈസ് ചെയ്ത് മൊത്തം 416.6 m2 [ie, GF 200.69, FF 215.91] വിസ്തീർണ്ണത്തിന് 06.06.2017-ൽ നമ്പർ അനുവദിച്ച് നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ അധിക നിർമ്മാണം റെഗുലറൈസ് ചെയ്തപ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ- 2011, ചട്ടം 35(2) പ്രകാരമുള്ള വ്യാപ്തി [Coverage], ചട്ടം 35 പ്രകാരമുള്ള പാർക്കിംഗ് എന്നിവ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വ്യാപ്തി [Coverage].

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ- 2011, ചട്ടം 35(2) പട്ടിക 2 പ്രകാരം [31.10.2017 ലെ SRO No. 675/2017 നമ്പർ ഭേദഗതി (wef 31.10.2017)-ക്ക് മുമ്പ്] കച്ചവടം/ വാണിജ്യ (ഗ്രൂപ്പ് F) കൈവശഗണത്തിന് അനുവദിനീയമായ പരമാവധി വ്യാപ്തി [Coverage] കാറ്റഗറി I ഗ്രാമ പഞ്ചായത്തുകളിൽ 65 % ആണ്. എന്നാൽ മേൽ കെട്ടിടത്തിന്റെ കവറേജ് 66.84% ആണ്.

| | |
|---|---|
| പഞ്ചായത്ത് കാറ്റഗറി | I |
| പ്ലോട്ട് വിസ്തീർണം | 323 m2 [Cert. No 9683784/ 06.01.2015] |
| കെട്ടിടത്തിന്റെ വിസ്തീർണം (കംപ്ലീഷൻ) | GF- 200.96 m2 |
| | FF- 215.91 m2 |
| | Total – 416.6 m2 |
| കവറേജ് [അംഗീകരിച്ചത്] | 66.84% [215.91/ 323] |
| കവറേജ് [അംഗീകരിക്കാവുന്നത്] | 65 |

2. പാർക്കിംഗ്.

ചട്ടം 35 പ്രകാരം മേൽ കെട്ടിടത്തിന് [ കാർപെറ്റ് ഏരിയ 327.04 m2] 5 കാർപാർക്കിംഗും, ആയതിന്റെ 25% ഇരു ചക്ര വാഹന പാർക്കിംഗും നൽകേണ്ടതാണ്. എന്നാൽ അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ട്/ കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം 4 കാർപാർക്കിംഗും, ആയതിനുള്ള ഇരു ചക്ര വാഹന പാർക്കിംഗുമാണ് നൽകിയിട്ടുള്ളത്.

അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ടിൽ മേൽ അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ ലംഘനങ്ങൾ ക്രമ വൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമില്ല. ചട്ട വിരുദ്ധമായി ക്രമ വൽക്കരണം നടത്തിയത് ക്രമ പ്രകാരമല്ല.

*[മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [08/2018] പെർമിറ്റ് നൽകിയതിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്]*

## 2-4 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

1996 ലെ കേരള ബിൽഡിംഗ ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3 (3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 90,842 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക നഷ്ടമായിട്ടുണ്ട്. ഇക്കാര്യത്തിൽ

നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിമാർക്സ് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 1/15-1-19 നമ്പർ അന്വേഷണക്കുറിപ്പിന് കളക്ഷൻ ചാർജ് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.ഇക്കാര്യത്തിൽ തുടർനടപടി വിവരം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 2-5 ടെണ്ടർ ഫാറം വില-പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

ഇ-ടെണ്ടർ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, പഞ്ചായത്ത് 2016-17, 2017-18വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് പഞ്ചാത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകുകയോ തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. തുക പഞ്ചായത്തിന്റെ ആസ്തി-ബാധ്യത കണക്കുകകളിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
2017-18 ലെ ടെണ്ടർ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പ്രവർത്തി | അടങ്കൽ | കോൺട്രാക്ടർ | ടെണ്ടർ ഫീ |
|---|---|---|---|---|
| 1 | 81/18 പഞ്ചായത്ത് ഓഫീസ് പൂർത്തീകരണം | 7,39,252 | റിജിൻ എ | 1500 |
| | | | ദിലീഷ് ടി.പി | 1500 |
| 2 | 99/18 തുയ്യം കല്ലുംമുക്ക് റോഡ് റീടാറിംഗ് | 4,59,000 | എ.മുഹമ്മദ് ഇഖ്ബാൽ | 1000 |
| | | | സജീഷ്.എം | 1000 |
| 3 | 143/18 പകൽ വീട് നിർമ്മാണം | 1051903 | ടി.വി.സജീഷ് | 2500 |
| | | | ഷാലു.ടി.വി | 2500 |
| | | | ദിലീഷ് ടി.പി | 2500 |
| | | | കെ. സുബ്രമണ്യൻ | 2500 |
| 4 | 189/18 ജി.യു.പി.എസ്.എടപ്പാൾ ടോയ്ലറ്റ് നിർമ്മാണം | 4,55,479 | ബാബു.കെ | 1000 |
| | | | ടി.വി.സജീഷ് | 1000 |
| | | | കെ.പദ്മനാഭൻ | 1000 |
| | | | ഷാലു.ടി.വി | 1000 |
| | | | കെ. സുബ്രമണ്യൻ | 1000 |
| 5 | 190/18 ജി.യു.പി.എസ്.എടപ്പാൾ ടോയ്ലറ്റ് നിർമ്മാണം | 472482 | ബാബു.കെ | 1000 |
| | | | ഷാലു.ടി.വി | 1000 |
| 6 | 142/18 എസ്.സി.കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കൽ | 615000 | ടി.വി.സജീഷ് | 1300 |
| | | | ദിലീഷ് ടി.പി | 1300 |
| 7 | 188/18 കോലത്ത് അങ്കണവാടി കെട്ടിട നിർമ്മാണം | 7,00,000 | ബാബു.കെ | 1400 |
| | | | കെ. പദ്മനാഭൻ | 1400 |
| | | | ഷാലു.ടി.വി | 1400 |
| | | | സുജേഷ്. എം | 1400 |
| | | | കെ. സുബ്രമണ്യൻ | 1400 |

ഇ-ടെണ്ടർ ചെയ്ത മേൽ പ്രവർത്തികളുടെ ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തുക ഈടാക്കി വിവരം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/15.1.2019 ന് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാമെന്ന് മറുപടി ലഭ്യമാക്കി.സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം- ഒരു അവലോകനം

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

പദ്ധതി നിർവ്വഹണം

എടപ്പാൾ ഗ്രാമ പഞ്ചായത്തിൽ 2017-18 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 102 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഏറ്റെടുത്ത പ്രൊജക്ടുകളുടെ ആകെ അടങ്കൽ 260.98 ലക്ഷം രൂപയാണ്. വകയിരുത്തിയ തുകയിൽ 122.71 ലക്ഷം രൂപയാണ് ചെലവഴിച്ചത്. (അടങ്കലിന്റെ 47 ശതമാനം).11,13,325 രൂപയുടെ 6 ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 39 എണ്ണം നടപ്പാക്കാതിരിക്കുകയോ ബില്ല് മാറാതിരിക്കുകയോ ചെയ്തവയാണ്. ഇതിൽ 14 പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളും അവശേഷിച്ച 25 എണ്ണം 2017-18 ൽ പുതുതായി ഏറ്റെടുത്ത പ്രോജക്ടുകളുമാണ്.

ആവശ്യമായ തുക വകയിരുത്തി വിശദമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അംഗീകാരം നേടുന്ന പ്രൊജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്നതും സമയബന്ധിതമായി പൂർത്തിയാക്കി തുക ചെലവഴിക്കാതിരിക്കുന്നതും ഉചിതമായ നടപടിയല്ല. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതിന് കാരണമായിട്ടുണ്ട്. പ്രോജക്ടുകൾ സമയക്രമം പാലിച്ച് നിർവ്വഹണം നടത്താത്ത സാഹചര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൻവർഷംതന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

വികസന കാര്യസ്ഥിരം സമിതി - ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കാലയളവിൽ വികസന കാര്യസ്ഥിരം സമിതി 13 തവണ യോഗം ചേർന്നിട്ടുണ്ട്.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ/പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ

രേഖപ്പെടുത്തുന്നുണ്ട്. പ്രൊജക്ടുകൾ അംഗീകാരത്തിന് ശുപാർശ ചെയ്യുക, ടെണ്ടർ വിളിക്കുന്നതിന് നടപടി സ്വീകരിക്കുക,അംഗീകരിക്കുക, ഗുണഭോക്തൃ പട്ടിക അംഗീകരിക്കുക എന്നീ അജണ്ടകളാണ് യോഗങ്ങളിൽ പരിഗണിച്ചതായി കാണുന്നത്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും നിർവഹണ ഘട്ടത്തിൽ വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് കാണുന്നു. നിർവഹണം നടക്കാതിരുന്ന പ്രോജക്ടുകളുടെ വിശകലനം നടത്തിയതായി കാണുന്നില്ല. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, നേട്ട കോട്ടങ്ങൾ എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ വികസന സ്ഥിരം സമിതി കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സാമ്പത്തിക വർഷം നാല് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നിട്ടുണ്ട്.

മിനിട്സ് ബുക്കിൽ യോഗതിയ്യതി രേഖപ്പെടുത്തിയിട്ടില്ല. യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളെ പറ്റിയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായ വിവരങ്ങളൊന്നും മിനിട്സ് ബുക്കിൽ ഇല്ല.

മോണിറ്ററിംഗ്

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ് . ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടും പ്രത്യേകം മോണിറ്ററിംഗ് നടത്തി,റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ കൂടുതൽ ഫലപ്രദമായ നടപടികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 3-2 അനർഹമായി സർവ്വീസ് ടാക്സ് കൺവീനർക്ക് നൽകി

താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് കൺവീനർക്ക് / കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. സർവ്വീസ് ടാക്സ് അടവാക്കിയ ചലാൻ ഹാജരാക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

| ക്രമ നമ്പർ | പ്രൊജക്ട്/പേര് | അടങ്കൽ | കോൺട്രാക്ടർ/ കൺവീനർ | ബിൽ നമ്പർ/ചെക്ക് നം | എം ബുക്ക് | മൂല്യനിർണ്ണയം |
|---|---|---|---|---|---|---|
| 1 | 52/18പൊറൂക്കര അംഗനവാടി ചുറ്റമതിൽ നിർമ്മാണം( സ്പിൽ ഓവർ 170/17) | -150000<br>2014 DSR 36.19 (COSTINDEX) | മിനി.പി.കെ | 10/12.10.17<br>തുക -141116 | -30/16-17<br>അടങ്കലിൽഉൾപ്പെട്ട 10.5% സർവ്വീസ് ടാക്സ് 13409/- കൺവീനർക്ക് നൽകിയിട്ടുണ്ട് | പ്രവർത്തി മൂല്യം -127706<br>S.T 13409<br>(-) VAT 5% -7056<br>(-) I.T 2% -2822<br>(-) W.F 1% -1411<br>കൺവീനർ -129827/- രൂപ |

അനർഹമായി അനുവദിച്ച സർവ്വീസ് ടാക്സ് 13409 രൂപതിരികെ ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്

## 3-3 ടെണ്ടർ വ്യതിയാനം കണക്കാക്കാതെ കരാറുകാരന് തുക അനുവദിച്ചു. അധികം അനുവദിച്ച10550 രൂപ തിരിച്ചടവാക്കി

ടെണ്ടർ വ്യതിയാനം കണക്കാക്കാതെ കരാറുകാരന് തുക അനുവദിച്ചത് മൂലം 10550 രൂപയുടെ നഷ്ടം സംഭവിച്ചു.വിശദ വിവരം ചുവടെ കൊടുക്കുന്നു

| | |
|---|---|
| പ്രവർത്തി | പഞ്ചായത്ത് ലൈബ്രറി റീഡിംഗ് റൂം നവീകരണം |
| പ്രോജക്ട് നം-28/17 (161/16) | അടങ്കൽ -84829 ( 2015-16 പ്രൊജക്ട് 1,00,000) മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം |
| ചെലവ് -70142 | ബിൽ നം.12/12.10.2017 |
| കരാറുകാരൻ -ശ്രീ ജയേഷ് (16% കുറവിൽ ) | എഗ്രിമെന്റ് നം 42/AE/LSGD/EDPL/2015-16 Dt..27.11.2015<br>എംബുക്ക് 27/17 |
| കരാറുകാരന് നൽകിയത്<br>പ്രവർത്തിമൂല്യം- 75421<br>പിഴ- 5279<br>ബാക്കി- 70142<br>വാറ്റ് (4%) – 2806<br>ആദായ നികുതി – 701<br>ക്ഷേമ നിധി- 701<br><br>കരാറുകാരന് നൽകിയത് -65934 | കരാറുകാരന് നൽകാവുന്നത്<br>പ്രവർത്തിമൂല്യം-75421<br>(-) ടെൻണ്ടർ വ്യതിയാനം(16%) – 12067<br>-----------------------------<br>63354<br>പിഴ- 4435<br>ബാക്കി- 58919<br>വാറ്റ് (4%) -2357<br>ആദായ നികുതി -589<br>ക്ഷേമ നിധി -589<br>കരാറുകാരന് നൽകാവുന്നത് -55384 |
| കരാറുകാരന് അധികം നൽകിയത് | 65934-55384 =10550/- രൂപ |

കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 4/15-1-19 ന് മറുപടിയായി ആയത് കരാറുകാരനിൽ നിന്നും 118060109961 തിയ്യതി 17.1.19 പ്രകാരം തിരികെ ഈടാക്കി.

## 3-4 വിദ്യാഭ്യാസ മേഖലയിൽ വേറിട്ട നേട്ടം - വായനാ രംഗത്ത് മുന്നേറ്റം

2017-18 സാമ്പത്തിക വർഷം വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ എന്ന പേരിൽ (147/18 അടങ്കൽ 3 ലക്ഷം) 298618 രൂപ ചെലവഴിച്ച് പ്രൊജക്ട് നടപ്പിലാക്കി. മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമപ്പഞ്ചായത്ത് ലൈബ്രറിയുടെ പിന്തുണയോട് കൂടി ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പ്രൊജക്ട് നടപ്പാക്കിയത്. ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിലെ വായനാ സൗകര്യം വർദ്ധിപ്പിക്കൽ ലക്ഷ്യമിട്ട് 1,18,000 രൂപ പുസ്തകങ്ങൾ വാങ്ങുന്നതിന് പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുകയുണ്ടായി. സമഗ്ര ലൈബ്രറി ശാക്തീകരണം ലക്ഷ്യമാക്കി കേരള ബുക്ക് മാർക്കിന്റെ സഹകരണത്തോടെ പുസ്തക മേള സംഘടിപ്പിക്കുകയും ഓരോ സ്കൂളിലേക്കും വേണ്ട പുസ്തകങ്ങൾ വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും അടങ്ങുന്ന സ്കൂൾ ലൈബ്രറി കമ്മിറ്റികൾ തെരഞ്ഞെടുക്കുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന കുട്ടികളിൽ വായനാശീലം

വളർത്തുന്നതിനും അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള മാതൃകാ പദ്ധതിയായ "എന്റെ വായനാക്കുറിപ്പുകൾ " പദ്ധതിയുടെ തുടർച്ചയായാണ് 2017-18 ലെ പദ്ധതി. ഇതിന്റെ ഭാഗമായി മുഴുവൻ സ്കൂളിലും ക്ലാസ്സ് ലൈബ്രറികൾ സ്ഥാപിക്കുന്നതിന് തുടക്കമായി.






കുട്ടികളിൽ അറിവും ആത്മ വിശ്വാസവും വർദ്ധിപ്പിക്കൽ ലക്ഷ്യമാക്കി നടത്തിയ പദ്ധതി ലക്ഷ്യം നേടുന്നതിന് പര്യാപ്തമായി. സ്കൂൾ ലൈബ്രറി ശാക്തീകരണത്തിലൂടെ ഗ്രാമപ്പഞ്ചായത്ത് ലൈബ്രറിയുടെ വികസനവും സാധ്യമാക്കപ്പെട്ടു. 7000 ൽ പരം പുസ്തകങ്ങളും റഫറൻസ് ലൈബ്രറി, വായനാ മുറി ,വിവിധ പരിശീലന പരിപാടികളും കൊണ്ട് സമ്പുഷ്ടമാക്കുന്നതിന് സാധ്യമായിട്ടുണ്ട്. സജീവ അംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, വിദ്യാർത്ഥികൾ അംഗത്വമെടുക്കുന്നതിലുള്ള വർദ്ധനവ് എന്നിവ ഇതിന് ഉദാഹരണമാണ്. മുതിർന്ന പൗരൻമാർ മുതൽ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ വരെയുള്ളവർ പഞ്ചായത്ത് ലൈബ്രറിയിൽ അംഗങ്ങളാണ്. ഗ്രാമപ്പഞ്ചായത്തിലെ ഫുൾടൈം ലൈബ്രേറിയന്റെ സേവനം ഇക്കാര്യത്തിൽ ഫലപ്രദമായി വിനിയോഗിക്കാൻ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഭരണസമിതിക്കും സാധ്യമായിട്ടുണ്ട്.

## 3-5 തെരുവ് വിളക്ക് റിപ്പയർ - പദ്ധതി അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് - SOO87/18

Bill – 26/18.1.18 – 226200

44/27.3.18 - 223442

കരാർ - 21/27.11.17

എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾ ഒരു വർഷത്തേക്ക് റിപ്പയർ ചെയ്തു സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൽ ജലീൽ, ഇലക്ട്രിക്കൽ കോൺട്രാക്ടർ, പാലക്കാട് എന്നവരുടെ ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ചെയ്തതിന് ടിയാന് നൽകുന്നതിനായി 4,49,642 രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ചു.

തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് അംഗീകരിച്ച ടെണ്ടർ നിരക്ക് താഴെ പറയുന്നു.

| ഇനം | നിരക്ക് |
|---|---|
| Automatic CFL | 625 |
| Manual CFL | 550 |
| Single Tube | 600 |
| Double Tube | 725 |
| 85 W CFL | 925 |

| | |
|---|---|
| Sodium Vapour lamp | 2500 |

പദ്ധതി നിർവഹണത്തിലെ അപാകതകൾ

1.പ്രവൃത്തി ചെയ്തതിന് കരാറുകാരന് 2 ബില്ലുകളിലായി തുക അനുവദിച്ചതിൽ ആദായ നികുതി നികുതി , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ തെറ്റായി ഈടാക്കുകയും ആദായ നികുതി നികുതി വകുപ്പിലേക്കും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്കും അടവാക്കുകയും ചെയ്തു. പ്രവൃത്തി ചെയ്ത കരാറുകാരന് 67,224 രൂപ നഷ്ടമുണ്ടായി.

പ്രവൃത്തി ചെയ്തതിന് കരാറുകാരന് അനുവദിച്ച തുക

| | | | | |
|---|---|---|---|---|
| Invoice 3/1.1.18 | Automatic CFL | 178 nos (530+18%GST) | 111322 | കരാറുകാരന് അനുവദിച്ചത് - 226246<br>(Bill- 26/18.1.18) |
| | Manual CFL | 209 nos (466+18%GST) | 114924 | |
| | | | 226246 | |
| Invoice 3/1.1.18 | Automatic CFL | 178 nos (530+18%GST) | 110695 | കരാറുകാരന് അനുവദിച്ചത് - 147224<br>(Bill-<br>44/27.3.18) |
| | Manual CFL | 209 nos (466+18%GST) | 108876 | |
| | 85 W CFL | 5 nos (656+18%GST) | 3870 | |
| | | | 223442 | |
| Gross Total | | | 449688 | |

| ഈടാക്കേണ്ട ആദായ നികുതി നികുതി (1%) | ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) | ഈടാക്കിയ ആദായ നികുതി നികുതി | ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | അധികം അടവാക്കിയത് |
|---|---|---|---|---|
| 4497 | 4497 | 38109 | 38109 | 67,224 |

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അധികം നൽകിയ തുക 040063/5.12.18 ഡി.ഡി പ്രകാരം പിന്നീട് തിരികെ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക കരാറുകാരന് അനുവദിക്കേണ്ടതാണ്. ആദായ നികുതി കരാറുകാരന് തിരികെ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ ആദായ നികുതി വകുപ്പിന് കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക തിരികെ ലഭിച്ചതായി കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി.

2. തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ, കെ.എസ്.ഇ.ബി യുടെ Joint Inspection Report എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ടെണ്ടർ സമർപ്പിച്ചവർ വ്യത്യസ്ഥ ഇനങ്ങളാണ് (തെരുവ് വിളക്കുകൾ) ടെണ്ടറിൽ കാണിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ കൃത്യമായ ഇനങ്ങളും,എണ്ണവും ടെണ്ടർ നോട്ടീസിൽ കാണിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

5. റിപ്പയർ ചെയ്യാനുള്ള തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് വാങ്ങിയിട്ടില്ല.

6. പേമെന്റ് ഗഡുക്കളായി നൽകുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തില്ല.

പദ്ധതി നിർവഹണത്തിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 Highmast AMC - പദ്ധതി അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് - SOO8/18

Bill – 25/18.1.18 – 83000

കരാർ - 23/15.12.17

എടപ്പാളിലെ ഹൈമാസ്റ്റ് വിളക്ക് ഒരു വർഷത്തേക്ക് റിപ്പയർ ചെയ്ത സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൽ കരീം, AK ഇലക്ട്രിക്കൽസ് , കുറ്റനാട് എന്നവരുടെ ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ചെയ്തതിന് ടിയാന് 83000 നൽകുകയും ചെയ്തു.

പദ്ധതി നിർവഹണത്തിലെ അപാകതകൾ

1.പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചതിൽ ആദായ നികുതി നികുതി (830 രൂപ) , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (830 രൂപ) എന്നിവ ഈടാക്കിയിട്ടില്ലായിരുന്നു. ഓഡിറ്റ് അന്വേഷണം നൽകിയതിന് ശേഷം 118060110095 തി.24.1.19 ന് 1660 രൂപ പഞ്ചായത്തിൽ അടവാക്കി.തുക അതാത് സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതാണ്.

3. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

5. കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് വാങ്ങിയിട്ടില്ല.

6. കരാറിൽ AMC സംബന്ധിച്ച വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

7. പേമെന്റ് ഗഡുക്കളായി നൽകുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തില്ല.

പദ്ധതി നിർവഹണത്തിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഫിസിയോ തെറാപ്പി ഫോർ ഡിസേബിൾഡ് ചിൽഡ്രൻ - മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത ചെലവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് നം. - SO149/18

ചെലവ് തുക - 189170

ബിൽ നം - 2/13.9.17 – 56920

3/14.2.18 – 97750

8/24.3.18 - 34500

വികലാംഗരായ കുട്ടികൾക്ക് ഫിസിയോതെറാപ്പി ചെയ്തതിന് പ്ളാൻ ഫണ്ടിൽ നിന്നും 189170 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിസിയോതെറാപ്പിസ്റ്റിന് ദിവസേന 1500/- പ്രതിഫലം നൽകിയതിനും കുട്ടികൾക്ക് റിഫ്രഷ്മെന്റ് നൽകിയതിനുമാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്.(ഫിസിയോതെറാപി പ്രതിഫലം -168000/- റിഫ്രഷ്മെന്റ് -21170/-)

ഫിസിയോതെറാപ്പി ചെയ്ത കാലയളവ്

1.4.17 – 31.7.17 – 32 ദിവസം

2.8.17 – 29.2.17 - 57 ദിവസം

3.1.18 – 31.3.18 – 23 ദിവസം

ആകെ - 112 ദിവസം

6 കുട്ടികൾക്കാണ് GLPS എടപ്പാളിൽ വച്ച് തെറാപ്പി ചെയ്തു നൽകിയിട്ടുള്ളത് ചില ദിവസങ്ങളിൽ 8 കുട്ടികൾ ഉണ്ട്. ജി.ഒ.(എം.എസ്) 4/2016. തസ്വഭവ തിയതി 11.1.2016 ഉത്തരവിൽ ഇപ്രകാരമുള്ള പ്രോജക്ട് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയും വാങ്ങിയിട്ടില്ല. ഫിസിയോ തെറാപ്പി ആവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിച്ച രേഖയും ഇല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തതിന് മതിയായ വിശദീകരണം നല്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## **3-8** പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല **-154233**രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ തുകകൾ വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്/പ്രൊജക്ട് നമ്പർ | തുക | ട്രഷറി ബിൽ,ചെക്ക് നമ്പർ/തീയതി | അടവാക്കിയത് |
|---|---|---|---|
| വൈദ്യുതി പോസ്റ്റ് മാറ്റി വക്കൽ SOO09/18 | 25243 | 7/23.9.17 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി എടപ്പാൾ |
| സാംസ്കാരിക നിലയങ്ങളുടെ വൈദ്യുതീകരണം SO197/18 | 28990 | 35/7.3.18 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി എടപ്പാൾ |
| PMAY ഭവന നിർമ്മാണം(G), SO 118/18 | 1,00,000 | 22/30.10.17 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് |
| ആകെ = | 154233രൂപ | | |

മേൽ തുകകൾ ചെലവഴിച്ചതിന്റെ സാക്ഷ്യ പത്രവും ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ സാക്ഷ്യ പത്രവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക, 154233രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-9** **EMS** ഭവന പദ്ധതി - വായ്പ തിരിച്ചടവ് -ബാലൻസ് - പൊരുത്തപ്പെടുന്നില്ല

EMS ഭവന പദ്ധതിക്ക് വേണ്ടി MDC ബാങ്കിൽ നിന്നും എടുത്ത വായ്പ തുകയിൽ 31.1.17 ന് 69,81,532 രൂപ മുതൽ ഇനത്തിൽ തിരിച്ചടക്കാനുണ്ടെന്ന് കാണിച്ച് 13.2.17 ന് സെക്രട്ടറിയുടെ പേരിൽ MDC ബാങ്കിൽ നിന്നും കത്ത് അയച്ചിട്ടുണ്ട്. 2017-18 വർഷത്തിലെ വാർഷിക കണക്ക് പ്രകാരം 18,00,000 രൂപ വായ്പ തിരിച്ചടവിനത്തിൽ ചെലവ് വന്നിട്ടുണ്ട് (project No.SOO17/18) Bill-1/18.7.17). അങ്ങിനെയെങ്കിൽ വായ്പയിനത്തിൽ തിരിച്ചടക്കാനുള്ള തുക 51,81,535 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം കാണിച്ചിട്ടുള്ള തുക 13,10,838 രൂപയാണ്. ലോൺ രജിസ്റ്റർ പരിശോധനക്ക് പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല. പൊരുത്തമില്ലായ്മക്ക് ആദ്യമറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-10 പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല

2017-18 സാമ്പത്തിക വർഷം പരിരക്ഷാ പാലിയേറ്റീവ് കെയർ (169/18) പദ്ധതിയിൽ (അടങ്കൽ 885050) ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിന് ട്രഷറി ബിൽ 7 / 16.1.18 പ്രകാരം 3,96,550 രൂപ ( വികസന ഫണ്ട് -പൊതു വിഭാഗം) നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 2,56,347 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്

ലഭിച്ച മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ,തിയ്യതി | ലഭിച്ച മരുന്നുകളുടെ വില |
|---|---|
| 6752/17.8.18 | 28379 |
| 6757/17.8.18 | 24233 |
| 6769/17.8.18 | 4471 |
| 816/19.8.18 | 14279 |
| 11129/25.10.18 | 10001 |
| 11144/25.10.18 | 37504 |
| 11153/25.10.18 | 59574 |
| 11386/29.10.18 | 3048 |
| 11882/3.11.18 | 15296 |
| 12955/22.11.18 | 1581 |
| 12960/22.11.18 | 53252 |
| 13006/22.11.18 | 1001 |
| 1708/22.11.18 | 3728 |
| ആകെ | 256347 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (18/24.01.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വിലയായ (396550- 256347) 1,40,203 രൂപ മരുന്നുകൾ ലഭ്യമാകുന്നത് വരെ തടസ്സം ചെയ്യുന്നു.

## 3-11 ഓരോ വീട്ടിലും വേപ്പിൻ തോട്ടം - വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

പ്രോജക്റ്റ് നം. 180/18
നിർവ്വഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ.

വികസന ഫണ്ട് -ജനറൽ-100000/-

ഗുണഭോക്തൃവിഹിതം -33333/-

ആകെ 133333

ബിൽ നം. തി തുക-5/04.01.18 -99990

ഗുണഭോക്തൃവിഹിതം -33330

ആകെ -133320/-

വിഷ വിമുക്തമായ വേപ്പില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി നടപ്പിലാക്കിയ ഒരു പ്രോജക്റ്റാണിത്. എടപ്പാൾ റെയ്ഡ്കോയിൽ നിന്നും 12 രൂപ വില വരുന്ന 11110 വേപ്പിൻ തൈകൾ 133320/-രൂപക്ക് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട് . എന്നാൽ വിതരണരജിസ്റ്റർ പരിശോധിച്ചതിൽ ആകെ 9845 എണ്ണം മാത്രമാണ് വിതരണം നടത്തിയതായി കണ്ടത്.ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി മുഴുവൻ തൈകളുടേയും ഇഷ്യൂ സ്റ്റേറ്റ്മെന്റ് ഹാജരാക്കി. വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ഇനങ്ങൾ അവ നൽകുന്ന സമയത്ത് തന്നെ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണ്. പ്രോജക്റ്റ് പ്രകാരം 9000 തൈകൾ വാങ്ങി 1800 കുടുംബങ്ങൾക്ക് (ഒരു കുടുംബത്തിന് 5വീതം)നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ആകെ 745 കുടുംബങ്ങൾക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. പ്രൊജക്റ്റ് പ്രകാരം വിഭാവനം ചെയ്ത രീതിയിലല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളത്. രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 പി.എം.എ.വൈ-എസ്.സി-പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

പ്രോജക്റ്റ് നം. 145/18

ബിൽ നം. തി. 05/31.10.17 -60000/-
നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി.

മേൽ പദ്ധതി പ്രകാരം പി.എം.എ.വൈ-എസ്.സി പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി എടപ്പാൾ ബ്ലോക്ക് പഞ്ചായത്തിന് 60000/- രൂപ കൈമാറിയിട്ടുണ്ട്.ആയതിന്റെ പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 3-13 ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ -നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി.
പ്രോജക്റ്റ് നം. 132/18.

ബിൽ നം. തി. 11/16.03.18 -156000/-

മേൽ പദ്ധതി പ്രകാരം സഫാരി സൈക്കിൾ എന്ന സ്ഥാപനത്തിൽ നിന്നും 39 സൈക്കിളുകൾ 4000രൂപ വീതം 156000/- രൂപക്ക് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്.
അപാകതകൾ താഴെ കൊടുക്കുന്നു.

1)സീതലക്ഷ്മി,കുന്നത്തേൽ ,തറക്കൽ എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ടെങ്കിലും ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.
2)സ്കൂളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം സൈക്കിൾ നൽകേണ്ടത്.എന്നാൽ അപ്രകാരം ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 വിവാഹധനസഹായം എസ്.സി അപേക്ഷകൾ സമയ പരിധിക്കുള്ളിൽ സ്വീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി.

പ്രോജക്റ്റ് നം. 124/18

03/12.10.17 -225000/-

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.5 (1) പ്രകാരം എസ്.സി.വിവാഹധനസഹായം അപേക്ഷകൾ വിവാഹത്തിന് മുൻപ് ഒരു മാസത്തിനുള്ളിലോ,വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനകമോ സ്വീകരിക്കേണ്ടതാണ്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിവാഹം നടന്ന | അപേക്ഷിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| | | തിയ്യതി | |
| 1 | സുബ്രഹ്മണ്യൻ കരുമത്തിൽ പറമ്പിൽ,കോലൊളമ്പ് | 21.04.17 | 02.09.17 |
| 2 | ലക്ഷ്മിക്കുട്ടി .സി,ചേരിങ്ങൽ,അയിലക്കാട്. | 09.04.17 | 13.09.17 |

അപേക്ഷകൾ സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് വാങ്ങൽ -സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 138/18

ബിൽ നം. തി. 09/25.02.18 -461700/-

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി.

മേൽ പ്രോജക്റ്റ് പ്രകാരം ബാബ ഗ്ലോബൽ സൊല്യൂഷൻസ്, പ്രൈവറ്റ് ലിമിറ്റഡ്,തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 11/തി. 06.02.18പ്രകാരം 24300/-രൂപ വിലയുള്ള 19 ലാപ്ടോപ്പുകൾ 461700/-രൂപക്ക് വാങ്ങി വിദ്യാർത്ഥിനികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. അപാകതകൾ താഴെ കൊടുക്കുന്നു.

എ))അശ്വതി.കെ.പി, കണ്ണയിൽ പറമ്പിൽ എന്നീ ഗുണഭോക്താവ് പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ബി)അശ്വതി.കെ.പി,കണ്ണയിൽ പറമ്പിൽ,രമ്യ.എം.സി,മാത്തിലവളപ്പിൽ ,പൊൽപ്പാക്കര, എന്നീ ഗുണഭോക്താക്കളുടെ പേരുകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

സി)അഞ്ജു,കളരിപ്പറമ്പിൽ എന്ന ഗുണഭോക്താവ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ മുഖേനയാണ് പഠിക്കുന്നത്. എന്നാൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി.

പ്രോജക്റ്റ് നം. 144/18

ബിൽ നം. തി. 09/25.02.18 -461700/-

മേൽ പ്രോജക്റ്റ് പ്രകാരം ബാബ ഗ്ലോബൽ സൊല്യൂഷൻസ്, പ്രൈവറ്റ് ലിമിറ്റഡ്,തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 10/തി. 06.02.18പ്രകാരം 24300/-രൂപ വിലയുള്ള 19 ലാപ്ടോപ്പുകൾ 461700/-രൂപക്ക് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം ലാപ്ടോപ് കൈപ്പറ്റിയ മിഥില.പി.പി.,പള്ളിയാലിൽ പറമ്പിൽ,എന്ന ഗുണഭോക്താവ് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അടുത്ത പഞ്ചായത്ത് ഭരണസമിതിയിൽ ഉൾപ്പെടുത്തി നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 കിടാരി വിതരണം എസ്.സി,ജനറൽ -വായ്പ വിവരം ലഭ്യമല്ല.

കിടാരി വിതരണം -ജനറൽ (8000 രൂപ വീതം30പേർക്ക്)

ബിൽ നം. തി .02/11.12.17 -112000

,, 04/17.01.18-104000

,, 06/26.02.18-8000

,, 11/21.03.18-16000

240000/-

പശുകുട്ടി വിതരണം എസ്.സി(10000/- രൂപ വീതം8പേർക്ക്)

ബിൽ നം.തി 11.12.17 -80000

,, 05/17.01.18-20000

,, 07/26.02.18-20000

120000/-

വായ്പ ബന്ധിത പദ്ധതിയായിട്ടാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. കേരള ഗ്രാമീൺ ബാങ്ക്,എടപ്പാൾ ബ്രാഞ്ചിലേക്ക് സബ്സിഡി തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. മേൽ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ടെങ്കിലും വായ്പ അനുവദിച്ചതിന്റെ പാസ് ബുക്ക്, തുക ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.കിടാരി വിതരണം ജനറൽ ഗുണഭോക്താക്കളായ അമൃതവല്ലി കുമാരൻ,എലമ്പുള്ളി,സുബൈദ,വലിയകത്ത്,സീന,നമ്പിട്ടിയാട്ടിൽ,വസന്ത,കക്കിടിക്കൽ,ശാന്ത,കൊട്ടാരത്ത്,രവി, പഴയപടിക്കൽ,ഷരീഫ.പി.പി.,ചങ്ങരത്ത് ,സജിത,ഇളംകാവിൽ എന്നിവർ ഉരുവിനെ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ആവശ്യമുള്ള രേഖകൾ പ്രോജക്റ്റ് നടപ്പാക്കുന്ന സമയത്ത് തന്നെ വാങ്ങി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-18 മുട്ടകോഴി വിതരണം -എസ്.സി. വിതരണരേഖകൾ പൂർണ്ണമല്ല

പ്രോജക്റ്റ് നം. 106/18.

വകയിരുത്തിയ തുക-

ബിൽ നം. തി. 10/21..03.18 -54450/-

ഗുണഭോക്തൃവിഹിതം-18150

അൽ ഷിഫ കുടുംബശ്രീ യൂണിറ്റ് എടപ്പാളിൽ നിന്നും ഇൻവോയ്സ് നം.(ഇല്ല) തി. 04.03.18 പ്രകാരം ഒന്നിന് 100 രൂപവീതം 726 കോഴികുഞ്ഞുങ്ങളെ വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 534 കോഴിക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.ആയതിന്റെ വിതരണവിവരം ഹാജരാക്കേണ്ടതാണ്.ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച 54450/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 മുട്ടകോഴി വിതരണം -ജനറൽ വിതരണരേഖകൾ പൂർണ്ണമല്ല.

പ്രോജക്റ്റ് നം. 88/18

ബിൽ നം. തി. 09/21..03.18 -66000/-

,, 08/26.02.18 -49200/-

ഗുണഭോക്തൃവിഹിതം - 115200/-

അൽ ഷിഫ കുടുംബശ്രീ യൂണിറ്റ് എടപ്പാളിൽ നിന്നും ഇൻവോയ്സ് നം.(ഇല്ല) തി. 05.03.18 പ്രകാരം ഒന്നിന് 100 രൂപവീതം 132000/- രൂപയുടെ 1320 കോഴിക്കുഞ്ഞുങ്ങളേയും,കരുണ എഗ്ഗ് നഴ്സറിയിൽ നിന്ന് (ഇൻവോയ്സ് നം,തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) 98400രൂപയുടെ 984 കോഴിക്കുഞ്ഞുങ്ങളേയും കൂടി ആകെ 2304കോഴികുഞ്ഞുങ്ങളെ വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റ്

പ്രകാരം 1176 കോഴിക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.ആയതിന്റെ വിതരണവിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക 230400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 ഒരേ ഇനം വസ്തുക്കൾ വ്യത്യസ്ത ടെണ്ടറുകൾ വഴി വാങ്ങിയത് ക്രമപ്രകാരമല്ല.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 7-33(3) പ്രകാരം സാധനങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും മത്സരാധിഷ്ഠിത വിലകൾ ലഭിക്കുന്ന തരത്തിൽ ഒരേ സാധനങ്ങളും /ഒരേ തരത്തിൽ പെട്ടവയും ഒന്നിച്ച് ചേർത്ത് ബൽക്ക് സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കണം.ഒരേ സാധനങ്ങൾ/ഒരേ തരത്തിൽ പെട്ട സാധനങ്ങൾ ഒരു സാമ്പത്തിക വർഷം വാങ്ങുന്നതിന് ഒന്നിലധികം തവണ ടെണ്ടർ ക്ഷണിക്കുവാൻ പാടുള്ളതല്ല.എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ഒരേ ഇനം തന്നെ വ്യത്യസ്ത പ്രോജക്ടുകളാക്കി വ്യത്യസ്ത ടെണ്ടർ നടപടി സ്വീകരിച്ച് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം | ചെലവഴിച്ച തുക | വാങ്ങിയ നിരക്ക് |
|---|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് വാങ്ങൽ | 138/18 | 461700/- | 24300 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ | 144/18 | 461700/- | 24300 |
| 3 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് വാങ്ങൽ | 200/18 | 181200/- | 22650 |

ഇ-ടെണ്ടർ ഒഴിവാക്കുന്നതിന് വേണ്ടി ഇപ്രകാരം ടെണ്ടർനടപടി സ്വീകരിക്കുന്നത് ക്രമപ്രകാരമല്ല. മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ– മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം.

പ്രോജക്റ്റ് നം.159/18

01/13.10.17 -150000/-

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ ഹോമിയോ

മേൽ പ്രോജക്റ്റ് പ്രകാരം ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിന്

പ്രൊഫോർമ ഇൻവോയ്സ് PF-185/14.8.17 പ്രകാരം 15 0000/-രൂപ 2017-18 സാമ്പത്തിക വർഷം കൈമാറിയിരുന്നു. പദ്ധതി പരിശോധിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)പണം അടവാക്കി ഒരു വർഷത്തിന് ശേഷമാണ് മരുന്ന് ലഭ്യമായിട്ടുള്ളത്. മരുന്ന് സമയത്തിന് ലഭിക്കാത്തത് മൂലം പ്രോജക്റ്റിന്റെ ഉദ്ദേശ്യം സഫലീകരിക്കുന്നില്ല.

2)റിക്വിസിഷൻ പ്രകാരം 259 ഇനം മരുന്നുകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 162 ഇനം മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.ആവശ്യപ്പെട്ട മരുന്നുകൾ ലഭിക്കാത്തത് മൂലം എല്ലാ രോഗത്തിനുമുള്ള

മരുന്ന് രോഗികൾക്ക് നൽകുവാൻ കഴിയുന്നില്ല.

3)മരുന്ന് ലഭ്യമാകുന്നതിന് ഒരു വർഷം വരെ സമയം എടുക്കുന്നതിനാൽ മരുന്നിന് വർദ്ധിച്ച വില

നൽകേണ്ടി വരുന്നു.

രോഗികൾക്കാവശ്യമായ മരുന്ന് ആവശ്യമായ അളവിലും,റിക്വിസിഷൻ പ്രകാരവും ,സമയബന്ധിതമായും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2017-18 വർഷത്തിൽ സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | 160/18 ക്ഷീര സബ്സിഡി-വനിത | 46492 | 203508 |
| | 2,50,000 | 161/18 ക്ഷീര സബ്സിഡി | 49410 | 200590 |
| | 10,00,000 | 143/18 പകൽവീട് നിർമ്മാണം | 0 | 10,00,000 |
| | 8,50,000 | 174/18നെൽകൃഷി വികസനം | 8,50,000 | 0 |
| | 8500 (മുൻബാക്കി) | 13/17ശുചിത്വകക്ലസ് നിർമ്മാണം | 0 | 8500 |
| | 3,50,000 | 156/18അംഗനവാടിക്ക് സ്ഥലം വാങ്ങൽ | 0 | 3,50,000 |
| | 125000 | 148/18ഭിന്നശേഷി സ്കോളർഷിപ്പ് | 125000 | 0 |
| | 6,00,000 | 193/18ഷ്രെഡിംഗ് യൂണിറ്റിന് സ്ഥലം വാങ്ങൽ | 0 | 6,00,000 |
| | 8,00,000 | 165/18 പാടശേഖരങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | 7,91,582 | 8418 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 5,00,000 | 188/18 കോലത്ത് അംഗനവാടി നിർമ്മാണം | 0 | 5,00,000 |
| | 8,13,333 | 195/18ലൈഫ് മിഷൻ ഭവനങ്ങളുടെ പൂർത്തീകരണം-എസ്.സി | 2,00,000 | 6,13,333 |
| | 8,50,000 | 174/18 നെൽകൃഷി വികസനം | 8,50,000 | 0 |
| | 14,00,001 | 196/18 ലൈഫ് മിഷൻ ഭവനങ്ങളുടെ പൂർത്തീകരണം- ജനറൽ | 13,26,666 | 73335 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് | 989/2010 തിയ്യതി 23.3.10 | 1,18,85,000 | 31,10,838 | 18,00,000 | 0 | 13,10,838 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,89,159 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,89,159 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,89,159 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം, എം.ഡി.സി ബാങ്ക്, എടപ്പാൾ രശീതി നമ്പർ 234673 | 2,68,324 |
| രശീതി നമ്പർ 234672 | 1,20,835 |
| ആകെ | 3,89,159 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 3,64,628/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | അടവാക്കിയ ആളുടെ പേരും മേൽ വിലാസവും | അടവാക്കിയ തുക | രശീതി നമ്പർ/തീയരി |
|---|---|---|---|---|---|
| 1. | 2015-16 | 2-4 | അലി, കള്ളിതൊട്ടുവിൽ, എടപ്പാൾ | 270 | 117060102800/ 26-07-2017 |

| | | | | | |
|---|---|---|---|---|---|
| 2. | 2015-16 | 2-4 | കുഞ്ഞിമുഹമ്മദ് & ബീവാത്തു, മണ്ണാരവളപ്പിൽ, എടപ്പാൾ | 645 | 117060103119/ 04-08-2017 |
| 3. | 2005-06 | 3(1)A, 3(1)B, 3-2, 3-8 | ഹരിദാസൻ ആയില്യം, ഉള്ളേരി | 246520 | 117040900016/ 22-08-2017 |
| 4. | 2015-16 | 2-07 | മംഗളോദയംവൈദ്യശാല | 50 | 117060104295/ 26-09-2017 |
| 5. | 2015-16 | 2-07 | സെൻട്രൽ പ്ലാൻ സെന്റർ | 50 | 117060104296/ 26-09-2017 |
| 6. | 1984-85 | 13-01 | ബീരാവു | 25 | 117060110079/ 16-02-2018 |
| 7. | 2015-16 | 2-4 | സി.അജിതകുമാർ, റിട്ടയേർഡ് സെക്രട്ടറി | 358 | 117060111469/ 20-03-2018 |
| 8 | 2008-09 | 3-3,3-5 ,3-23 | വാസുദേവൻ, റിട്ടയേർഡ് സീനിയർ സൂപ്രണ്ട്, പി.എ.യു7 | 75908 | 11750900003/ 19-02-2018 |
| | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 40800 | ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ വരവ് വന്നത് |
| | | | | 364626 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 43 | 1999 | 35 | യൂണിഫോം – അധിക തുക നൽകിയത് | ബഹു. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2014-15 | 2(2),2(3) | 2016-17 | അനുബന്ധം-3 | വസ്തു നികുതി | ബഹു. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2014-15 | 2(4) | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ബഹു. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ്/സർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 2.2(എ) ഭാഗികം | വി.ഹരിദാസ് | LF 7331/ Spl.cell/SC /D1/12 7.7.14 | 2655 | 2655 | അടവാക്കിയിട്ടില്ല |
| 2 | 2008-09 | 2.2(എ) ഭാഗികം | പി.കെ.ഹരിദാസ് | LF 7331/ Spl.cell/SC /D1/12 7.7.14 | 9578 | 9578 | അടവാക്കിയിട്ടില്ല |
| 3 | 2000-01 | 24(1) (3) | സി.വേലായുധൻ | LF 23203/ Spl.cell/SC5/04 13.2.08/20.2.08 | 4350 | 4350 | അടവാക്കിയിട്ടില്ല |
| 4 | 2000-01 | 44 51 52 53 | C.K Balan Secreary C.Velayudhan Secreary | LF 28203/spl.cell /Sc5/04 /18-2-08 | 5294 6508 | 5294 6508 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | - | - | സി.അബൂബക്കർ, സെക്രട്ടറി | കെ.എസ്.എ 1328/spl.cell/C-Sc/D1/2018 dt28-8-18 | 238879 | 238879 | OP (LFA) 16/19 അഡീഷനൽ ജില്ലാ കോടതി മഞ്ചേരി III |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73072698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76286802 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 828456 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1,89,170 | ശ്രീ.കുട്ടപ്പൻ.ടി.പി,ഹെഡ്മാസ്റ്റർ |
| 3-8 | 1,54,233 | ശ്രീ.മൊഹമ്മദ് ഷെറീഫ്.എം, സെക്രട്ടറി |
| 3-10 | 1,40,203 | ശ്രീമതി.ശിൽപ പുരുഷോത്തമൻ,മെഡിക്കൽ ഓഫീസർ-സി.എച്ച്.സി എടപ്പാൾ |
| 3-12 | 60,000 | ശ്രീ.എം.പി.വേണഗോപാലൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 54450 | ഡോ.ഫ്ളമി ജേക്കബ്., വെറ്ററിനറി സർജൻ |
| 3-19 | 230400 | ഡോ.ഫ്ളമി ജേക്കബ്., വെറ്ററിനറി സർജൻ |

ഡി) കേന്ദ്ര സംസ്ഥാ സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

3-2 സർവ്വീസ് ടാക്സ് 13,409 രൂപ -പ്രസൂൺ.പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും |
|---|---|---|
| 3-2 | 13409 | ശ്രീ.പ്രസൂൺ.പി.പി,അസിസ്റ്റന്റ് എഞ്ചിനീയർ, പൂനം പറമ്പിൽ (ഹൗസ്), ഗുരുവായൂർ.പി.ഒ., തൃശ്ശൂർ ജില്ല-680101 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1979-80 | എൽ.എഫ്.എം.7/726/97 തീയതി 30.5.97 | 4 |
| 1981-82 | എൽ.എഫ്.എം.7/728/97 തീയതി 30.5.97 | 18 |
| 1984-85 | എൽ.എഫ്.എം.7/729/97 തീയതി 30.5.97 | 4 |
| 1985-86 | എൽ.എഫ്.എം.7/730/97 തീയതി 30.5.97 | 17 |
| 1986-87 | എൽ.എഫ്.എം.7/731/97 തീയതി 30.5.97 | 10 |
| 1987-88, 88-89 | എൽ.എഫ്.എം.7/732/97 തീയതി 30.5.97 | 13 |
| 1989-90, 90-91 | എൽ.എഫ്.എം.7/733/97 തീയതി 30.5.97 | 4 |
| 1991-92 | എൽ.എഫ്.എം.7/734/97 തീയതി 30.5.97 | 6 |
| 1992-93, 93-94 | എൽ.എഫ്.എം.7/735/97 തീയതി 30.5.97 | 24 |
| 1994-95, 95-96 | എൽ.എഫ്.എം.14/131/98തീയതി 24-3-98 | 4 |
| 1996-97 | എൽ.എഫ്.എം.7/658/97തീയതി 5.3.98 | 17 |
| 1997-98 | എൽ.എഫ്.എം.11/1404/99തീയതി 24.3.2000 | 2 |
| 1998-99 | എൽ.എഫ്.എം.12/1373/99തീയതി 11.11.99 | 19 |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.എം.11/357/01 തീയതി 3.6.04 | 9 |
| 2000-01 | എൽ.എഫ്.എം.11/1420/99 തീയതി 23.6.14 | 16 |
| 2001-02 | എൽ.എഫ്.എം17/1056/03തീയതി 6.4.04 | 9 |
| 2002-2003 | എൽ.എഫ്.എം9/332/05തീയതി29.4.05 | 14 |
| 2003-2004- | എൽ.എഫ്.എം6/5/08തീയതി7.5.08 | 16 |
| 2004-05 | എൽ.എഫ്.എം6/29/09തീയതി4.8.09 | 56 |
| 2005-2006 | എൽ.എഫ്.എം6/243/10തീയതി21.3.12 | 12 |
| 2006-2007 | എൽ.എഫ്.എം10/889/11തീയതി21.3.12 | 7 |
| 2007-2008 | എൽ.എഫ്.എം18/598/11തീയതി21.3.12 | 21 |
| 2008-2009 | എൽ.എഫ്.എം18/599/11തീയതി21.3.12 | 16 |
| 2009-2010 | എൽ.എഫ്.എം18/600/11തീയതി21.3.12 | 27 |
| 2010-2011 | എൽ.എഫ്.എം17/1489/13തീയതി11.9.13 | 16 |
| 2011-12 &12-13 | കെ.എസ്.എ.എം.പി.എം.17/41/2016 തീയതി 12.04.16 | 22 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.28/1928/2016 തീയതി 01.08.2016 | 17 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം28/29/2017 തിയ്യതി 08-02-2017 | 24 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.എം.പി.എം28/2458/2017<br>തിയ്യതി 20-11-2017 | 26 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.28/204/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 19-02-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്